**മധുരമായ കുട്ടികളെ - വിവേകശാലികളായി തന്റെ കണക്ക് പുസ്തകം നോക്കൂ, ഒരു കർമ്മേന്ദ്രിയവും ചതിക്കുന്നില്ലല്ലോ! മുഴുവൻ ദിവസത്തിലും എന്തെങ്കിലും തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ സ്വയം സ്വയത്തിന് ശിക്ഷ കൊടുക്കൂ.**

**ചോദ്യം:-** ബാബയുമായി സത്യമായ വ്യാപാരം ചെയ്യുന്നതിന്റെ അഥവാ ഉയർന്ന പദവി നേടുന്നതിന്റെ ആധാരം എന്താണ്?

**ഉത്തരം:-** ബാബയുമായി സത്യമായ വ്യാപാരം നടത്തണമെങ്കിൽ ബാബയുടെ ഓരോ നിർദ്ദേശത്തിലൂടെയും നടക്കൂ. ബാബ പറയുന്നു, കുട്ടികളെ ഉയർന്ന പദവി നേടണമെങ്കിൽ ഉള്ളിൽ എന്തെല്ലാം മോശം ശീലങ്ങളുണ്ടോ അവ ഉപേക്ഷിക്കൂ. കുദൃഷ്ടി, ക്രോധം മുതലായവയിലൂടെ വളരെ നഷ്ടമുണ്ടാകുന്നു, അതുകൊണ്ട് കർമ്മം-അകർമ്മം-വികർമ്മത്തിന്റെ ഗുഹ്യഗതി ഏതൊന്നാണോ ബാബ മനസ്സിലാക്കി തന്നിട്ടുള്ളത്, അത് ബുദ്ധിയിൽ വെയ്ക്കൂ.

**ഓം ശാന്തി.** കുട്ടികളേ, ആത്മാഭിമാനിയായാണോ ഇരിക്കുന്നത്? ഓരോരോ കാര്യവും തന്നോട് തന്നെ ചോദിക്കണം. ബാബ യുക്തി പറഞ്ഞ് തരുന്നു, സ്വയം സ്വയത്തോട് ചോദിക്കൂ ഞാൻ ആത്മാഭിമാനി ആയാണോ ഇരിക്കുന്നത്? ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണോ? നിങ്ങളുടെ ഇത് സൈന്യമാണ്. ലോകത്തിലെ സൈന്യത്തിൽ കേവലം യുവാക്കൾ മാത്രമായിരിക്കും ഉണ്ടായിരിക്കുക. നിങ്ങളുടെ ഈ സേനയിൽ വൃദ്ധരും, യുവാക്കളും, കുട്ടികളും തുടങ്ങി എല്ലാവരുമുണ്ട്. 80-90 വയസ്സായ വൃദ്ധൻമാരുണ്ട്. ഇത് മായയുടെ മേൽ വിജയം നേടുന്നതിനുള്ള സേനയാണ്. ഓരോരുത്തർക്കും മായയുടെ മേൽ വിജയം നേടി ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് നേടണം. മായ വളരെ പ്രബലനും ശക്തിശാലിയുമാണ്. വളരെ കൊടുങ്കാറ്റുകൾ കൊണ്ട് വരുന്നു. ഓരോ കർമ്മേന്ദ്രിയവും ചതിക്കുന്നു. ഏറ്റവും കൂടുതൽ ചതിവ് നൽകുന്നത് ഏത് കർമ്മേന്ദ്രിയമാണ്? കണ്ണുകളാണ് ഏറ്റവും കൂടുതൽ ചതിക്കുന്നത്. കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു - ഭാര്യാ ഭർത്താക്കൻമാരാണെങ്കിലും ബുദ്ധികൊണ്ട് നമ്മൾ ബി. കെ.യാണെന്ന് മനസ്സിലാക്കൂ. അല്ലെങ്കിൽ കണ്ണുകൾ വളരെയധികം വഞ്ചിക്കും. ഇതും ചാർട്ടിലെഴുതണം - മുഴുവൻ ദിവസത്തിലും എന്നെ ഏത് കർമ്മേന്ദ്രിയമാണ് ചതിച്ചത്! *നമ്പർവൺ* ചതിയൻമാർ കണ്ണുകളാണ്. കണ്ണുകൾ വളരെയധികം നഷ്ടമുണ്ടാക്കുന്നു. സൂർദാസിന്റെ ഉദാഹരണമുണ്ടല്ലോ, കണ്ണുകളാണ് തന്നെ വളരെയധികം ചതിക്കുന്നതെന്ന് കണ്ടപ്പോൾ കണ്ണുകൾ എടുത്തുകളഞ്ഞു. കുട്ടികൾ സേവനം വളരെ നന്നായി ചെയ്യുന്നുണ്ട് - എന്നാൽ മായയും ഒട്ടും കുറവല്ല. കണ്ണുകൾ വളരെ ചതിവ് നൽകുന്നു അങ്ങനെ പദവി തന്നെ തീർത്തും ഭ്രഷ്ടമാക്കുന്നു. ബുദ്ധിയും വിവേകവുമുള്ള കുട്ടികളാരാണോ അവർ മുഴുവൻ ദിവസത്തിലും *നോട്ട്* ചെയ്യും, ഞാൻ തെറ്റൊന്നും ചെയ്തില്ലല്ലോ! ഭക്തിയിൽ പോലും സ്വയത്തെ ചാട്ടയടിക്കാറുണ്ട് പിന്നീട് ഇങ്ങനെയുള്ള കർമ്മം ഒരിക്കലും ചെയ്യില്ല എന്ന ഓർമ്മ ഉണ്ടായിരിക്കണം. അതുപോലെ ഇതിലും പരിശോധന വെയ്ക്കൂ. അഥവാ കണ്ണുകൾ എവിടെയെങ്കിലും തന്നെ ചതിക്കുന്നുണ്ടെങ്കിൽ ശിക്ഷ നൽകൂ. അവിടെ നിന്ന് മാറി പോകണം. നിന്നങ്ങനെ നോക്കരുത്. സന്യാസിമാർ വളരെ പ്രയത്നിച്ച് കണ്ണടച്ചാണ് ഇരിക്കാറുള്ളത്. സ്ത്രീയെ നോക്കാറേയില്ല. സന്യാസിമാരുടെയടുത്ത് സ്ത്രീകളെ പിറകിലും പുരുഷൻമാരെ മുന്നിലുമായാണ് ഇരുത്താറുള്ളത്. ഇവിടെ നിങ്ങൾ കുട്ടികൾക്കും പരിശ്രമിക്കണം. വിശ്വത്തിന്റെ രാജാവ് ആകുക ചിറ്റമ്മയുടെ വീട്ടിൽ പോകലല്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ സംഗമയുഗത്തിലാണ്. ബാബ പറയുന്നു സംഗമത്തോടൊപ്പം പുരുഷോത്തമം എന്ന വാക്കും തീർച്ചയായും എഴുതൂ, അതിലൂടെ ഏതൊരാൾക്കും മനസ്സിലാക്കികൊടുക്കാൻ എളുപ്പമായിരിക്കും. പുരുഷോത്തമ സംഗമയുഗം, എപ്പോഴാണോ നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയാകുന്നത്. മഹിമയുണ്ടല്ലോ, മനുഷ്യനിൽ നിന്ന് ദേവതയാക്കി. . . എങ്ങനെയുള്ള മനുഷ്യനെ? കലിയുഗീ മനുഷ്യനെ. ദേവതകൾ വസിക്കുന്നത് സത്യയുഗത്തിലാണ്. അപ്പോൾ കലിയുഗീ മനുഷ്യരെ ദേവത, നരകവാസികളെ സ്വർഗ്ഗവാസിയാക്കുന്നതിന് വേണ്ടി തന്നെയാണ് ബാബ വരുന്നത്. ഇതും ഇപ്പോൾ നിങ്ങൾക്കറിയാം. മനുഷ്യരാണെങ്കിൽ ഘോരമായ അന്ധകാരത്തിൽ പെട്ടിരിക്കുകയാണ്. ഒരിക്കലും സ്വർഗ്ഗം കാണാൻ പോലും സാധിക്കാത്തവരായി ധാരാളം പേരുണ്ട്. ബാബ പറയുന്നു നിങ്ങളുടെ ഈ ധർമ്മം സുഖം നൽകുന്നതാണ്. സ്വർഗ്ഗീയ പിതാവെന്ന് പാടാറുണ്ട്, എന്നാൽ അവരാണ് സ്വർഗ്ഗം സ്ഥാപിച്ചതെന്ന കാര്യം അറിയില്ല. സ്വർഗ്ഗ സ്ഥാപകനായ പിതാവെന്ന് മറ്റു ധർമ്മത്തിലുള്ളവരും പറയാറുണ്ട് എന്നാൽ സ്വർഗ്ഗത്തിൽ അവർക്ക് *പാർട്ടില്ല* എന്ന കാര്യം അവർക്കറിയില്ല. ക്രിസ്ത്യാനികൾ സ്വയം പറയാറുണ്ട് സ്വർഗ്ഗമുണ്ടായിരുന്നു എന്ന്. ഈ ദേവീ-ദേവതകളെ ഭഗവാൻ-ഭഗവതിയെന്നും പറയാറുണ്ട്.

എന്നാൽ തീർച്ചയായും ഭഗവാനായിരിക്കും ഇവരെ ഭഗവാൻ-ഭഗവതിമാരാക്കിയത് എന്ന് മനസ്സിലാക്കുന്നില്ല. നിങ്ങളെ ബാബയിപ്പോൾ ഇതുപോലെയാക്കി കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾക്ക് പരിശ്രമിക്കണം. സ്വയത്തോട് ദിവസവും ചോദിക്കൂ എന്നെ ഏത് കർമ്മേന്ദ്രിയമാണ് ചതിക്കുന്നത്? നാവും കുറഞ്ഞതല്ല. നല്ല വസ്തു കാണുകയാണെങ്കിൽ അത് കഴിക്കണമെന്ന ആഗ്രഹം. . . മുൻപ് നിങ്ങൾ കുട്ടികളുടെ കോടതി കൂടിയിരുന്നു. തെറ്റുകൾ ഏറ്റുപറഞ്ഞിരുന്നു. ശിവബാബയുടെ യജ്ഞത്തിൽ നിന്ന് എന്തെങ്കിലും വസ്തു മോഷ്ടിക്കുക ഇത് വളരെ മോശമാണ്. എന്നാൽ മായ വളരെ പേരുടെ മൂക്കിൽ പിടിക്കുന്നുണ്ട്. അതുകൊണ്ട് ബാബ പറയുന്നു കുട്ടികളേ മോശമായ എന്തെല്ലാം ശീലങ്ങളുണ്ടോ അതില്ലാതാക്കണം. അല്ലെങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. സ്വർഗ്ഗത്തിലേക്ക് പോകും എന്നാൽ രാജാവ് എവിടെ, പ്രജയുടെ സ്ഥാനം എവിടെ. . . പ്രജയിലും സമ്പന്നരും, ദരിദ്രരുമുണ്ട്. അതുകൊണ്ട് കർമ്മേന്ദ്രിയങ്ങളെ വളരെയധികം സൂക്ഷിക്കണം. കണക്ക് പുസ്തകം വെയ്ക്കണം – ഇത് വ്യാപാരമല്ലേ. വളരെ വിരളം പേരേ ഈ വ്യാപാരം ചെയ്യുന്നുള്ളു.

ബാബ മനസ്സിലാക്കി തരുന്നു, കുട്ടികളേ അഥവാ എന്നോട് വ്യാപാരം ചെയ്യണമെങ്കിൽ, ഉയർന്ന പദവി നേടണമെങ്കിൽ നിർദ്ദേശമനുസരിച്ച് നടക്കൂ. മായ നിങ്ങളെ തീർച്ചയായും മറപ്പിക്കും, അഥവാ ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കുന്നില്ലെങ്കിൽ അന്തിമത്തിൽ എല്ലാം സാക്ഷാത്ക്കാരമുണ്ടാകും. പിന്നീട് നിങ്ങൾ വളരെ പശ്ചാത്തപിക്കും. ഇപ്പോഴാണെങ്കിൽ എല്ലാവരും പറയും ഞങ്ങൾ നരനിൽ നിന്ന് നാരായണനാകുമെന്ന്. എന്നാൽ സ്വയം സ്വയത്തോട് ചോദിച്ചുകൊണ്ടിരിക്കൂ, ബാബയുടെ നിർദ്ദേശങ്ങളെ പ്രയോഗത്തിൽ കൊണ്ട് വരൂ എങ്കിൽ വളരെയധികം ഉന്നതി ഉണ്ടാകും. മുഴുവൻ ദിവസത്തെയും കണക്കെടുക്കൂ. കണ്ണുകൾ എവിടെയും ചതിച്ചില്ലല്ലോ! ലക്ഷ്യം വളരെ ഉയർന്നതാണ് അതുകൊണ്ടാണ് 8 രത്നങ്ങൾ മാത്രം *പാസ്സ് വിത്ത് ഓണറാകുന്നത്.* നവരത്നങ്ങളുണ്ട്, അതിൽ *നമ്പർവൺ* ബാബയാണ്, ബാക്കി 8 രത്നങ്ങൾ. എപ്പോൾ എന്തെങ്കിലും ഗ്രഹപ്പിഴ സംഭവിക്കുമ്പോൾ 8 രത്നങ്ങളുടെ മോതിരം ധരിക്കാറുണ്ട്. അപ്പോൾ പദവിയോടെ വിജയിക്കുന്നത് 8 പേർ മാത്രമാണ്. ബാക്കി എല്ലാവർക്കും എന്തെങ്കിലുമെല്ലാം കറയുണ്ട്, ഇതിൽ വലിയ പരിശ്രമമുണ്ട്. രാവണരാജ്യമല്ലേ. സത്യയുഗത്തിൽ ഈ കാര്യങ്ങളേ ഉണ്ടായിരിക്കില്ല എന്തുകൊണ്ടെന്നാൽ രാവണരാജ്യമില്ല. ഉയർന്ന പദവി നൽകുന്നതിനായി ഭഗവാൻ നിങ്ങളെ പഠിപ്പിക്കുന്നു. ചിന്തിച്ചു നോക്കൂ. ഗുരുവിനെ സ്വീകരിക്കാറില്ലേ. ഇതാണെങ്കിൽ സത്ഗുരുവാണ്. അവരാണെങ്കിൽ സർവ്വവ്യാപിയെന്ന് പറഞ്ഞ് ബാബയിൽ നിന്ന് മുഖം തിരിപ്പിക്കുകയാണ് ചെയ്തത്. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും – ബാബ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ പതിത-പാവനനാണ്. നിങ്ങൾ പിന്നീട് പറയുന്നു, കല്ലിലും മുള്ളിലുമുണ്ടെന്ന്. ഇപ്പോൾ ബാബ പറയുന്നു നിങ്ങളെല്ലാവരും ആസുരീയ മതത്തിലൂടെ എന്റെ ഗ്ലാനിയും, അപകാരവുമാണ് ചെയ്ത് വന്നത്. ഇപ്പോൾ എനിക്ക് എല്ലാവരിലും ഉപകാരം ചെയ്യണം. നിങ്ങൾ കുട്ടികളിൽ കുദൃഷ്ടി, ക്രോധം മുതലായവയയൊന്നും ഉണ്ടായിരിക്കരുത്. തന്റെ തന്നെ നഷ്ടമാണ് ചെയ്യുന്നത്. കുദൃഷ്ടിയുണ്ടെങ്കിൽ അതിന്റെയും *വൈബ്രേഷൻ* ഉണ്ടാകും. മറ്റുള്ളവരെയും ആകർഷിച്ചുകൊണ്ടിരിക്കും. ബാബ അടിക്കടി കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കുട്ടികളെ, സ്വയത്തെ നോക്കൂ ഒരു കർമ്മേന്ദ്രിയത്തിനും വശപ്പെട്ട് വികർമ്മമുണ്ടാക്കിയില്ലല്ലോ! ഇതാണ് വിക്രമ കാലഘട്ടം, ആദ്യം വികർമ്മാജീത് കാലഘട്ടമായിരുന്നു. പിന്നീട് എപ്പോഴാണോ വികർമ്മം ചെയ്യാൻ ആരംഭിക്കുന്നത് അപ്പോൾ വിക്രമ കാലഘട്ടമാകുന്നു. ഇപ്പോൾ ബാബ കുട്ടികൾക്ക് കർമ്മം-അകർമ്മം-വികർമ്മത്തിന്റെ ഗതി മനസ്സിലാക്കി തരുന്നു. കർമ്മം ചെയ്യുക തന്നെ വേണം. സത്യയുഗത്തിൽ നിങ്ങളുടെ കർമ്മം അകർമ്മമാകുന്നു. ഈ എല്ലാ കാര്യങ്ങളും ഇപ്പോൾ നിങ്ങൾക്കറിയാം. മറ്റുള്ളവർ തീർത്തും ഘോരമായ അന്ധകാരത്തിലാണ്. നിങ്ങൾക്കിപ്പോൾ ജ്ഞാനത്തിന്റെ മൂന്നാം നേത്രം ലഭിച്ചിരിക്കുന്നു. ത്രിനേത്രിയും, ത്രികാലദർശിയുമാക്കുന്നത് ഒരേഒരു ബാബയാണ്. ഈ *ഡ്രാമയുടെ* രഹസ്യത്തെ ആരും അൽപം പോലും അറിയുന്നില്ല. നിങ്ങൾ മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം, എല്ലാത്തിനെയും അറിയുന്നു. പകുതി സമയത്തിന് ശേഷമാണ് മറ്റുള്ള ധർമ്മങ്ങൾ വരുന്നത്, അത് പിന്നീട് വൃദ്ധി പ്രാപിക്കുന്നു. അവരെയാരെയും ഗുരുവെന്ന് പറയില്ല. ഒരു ബാബയല്ലാതെ മറ്റാരും തന്നെ ഗുരുവല്ല അർത്ഥം സദ്ഗതി നൽകുന്നത് ഒന്ന് മാത്രമാണ്. ഇപ്പോൾ എല്ലാവരുടെയും സദ്ഗതി ഉണ്ടാകണം. അവരെ ധർമ്മ സ്ഥാപകരെന്നാണ് പറയുന്നത്, അല്ലാതെ ഗുരു എന്നല്ല. അതുകൊണ്ട് അവരെ ഓർമ്മിക്കുന്നതിലൂടെ സദ്ഗതി ഉണ്ടാകില്ല. വികർമ്മം വിനാശമാകില്ല, അതിനെയും ഭക്തി എന്നാണ് പറയുക. ജ്ഞാനത്തിന്റെ *ലൈനിൽ* കേവലം നിങ്ങൾ മാത്രമാണുള്ളത്. ഇതാണ് പാണ്ഢവസേന. നിങ്ങളെല്ലാവരും വഴികാട്ടികളാണ്, ശാന്തിധാമത്തിലേക്കും, സുഖധാമത്തിലേക്കും കൊണ്ട് പോകുന്നവരാണ്. നമ്മൾ വഴികാട്ടികളാണെന്ന കാര്യം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ബാബയും വഴികാട്ടിയും *ലിബറേറ്ററുമാണ്.* ഓരോരുത്തരെയും മുക്തമാക്കുന്നു. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. പിന്നീട് അഥവാ എന്തെങ്കിലും

വികർമ്മം ചെയ്യുകയാണെങ്കിൽ നൂറിരട്ടി ശിക്ഷ വരും, അതുകൊണ്ട് എത്രത്തോളം സാധിക്കുമോ വികർമ്മം ചെയ്യാതിരിക്കൂ, അതിലൂടെ പേര് മോശമാകും. വികർമ്മം ചെയ്യുന്നതിലൂടെ പിന്നീട് അതിന്റെ വൃദ്ധിയുമുണ്ടാകും അതുകൊണ്ട് ഇപ്പോൾ വളരെ ജാഗ്രത ഉണ്ടായിരിക്കണം. സഹോദരീ-സഹോദര ദൃഷ്ടി വളരെ ഉറച്ചതായിരിക്കണം. നമ്മൾ ബ്രഹ്മാവിന്റെ മക്കൾ ശിവന്റെ പേരമക്കളാണ്. ശിവബാബയോട് നമ്മൾ പ്രതിജ്ഞ ചെയ്തിട്ടുണ്ട് എന്നിട്ടും മായ വളരെയധികം ചതിക്കുന്നു. ഞങ്ങൾ ലക്ഷ്മീ-നാരായണനാകുമെന്ന് പറയാൻ വളരെ എളുപ്പമാണ്. എന്നാൽ നിർദ്ദേശങ്ങളും പ്രയോഗത്തിൽ കൊണ്ട് വരണം. ഭാര്യയും ഭർത്താവും മുഴുവൻ ദിവസവും ഈ ജ്ഞാനത്തിന്റെ കാര്യങ്ങൾ സംസാരിച്ചു കൊണ്ടിരിക്കണം. രണ്ട് പേരും പറയുന്നു ഞങ്ങൾ ബാബയിൽ നിന്ന് പൂർണ്ണമായ സമ്പത്തെടുക്കും. *ടീച്ചറിൽ* നിന്ന് പൂർണ്ണമായും പഠിക്കും. നോക്കൂ, ഇങ്ങനെയുള്ള *ടീച്ചറെ* പിന്നീടെപ്പോഴെങ്കിലും ലഭിക്കുമോ? ഇത് കേവലം നിങ്ങൾക്ക് മാത്രമേ അറിയൂ, ദേവതകൾക്ക് പോലും ബാബയെ അറിയില്ല എങ്കിൽ പിന്നെങ്ങനെ മറ്റു ധർമ്മത്തിലുള്ളവർ അറിയും. ഇപ്പോൾ നിങ്ങൾക്ക് ബാബ മുഴുവൻ സൃഷ്ടിയുടെയും ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിച്ച് തന്നുകൊണ്ടിരിക്കുന്നു. ഈ ജ്ഞാനം പിന്നീട് പ്രായഃ ലോപമാകും. ഞാൻ തന്നെ പ്രായഃ ലോപമാകുന്നു പിന്നെ എവിടെ നിന്ന് ഈ ജ്ഞാനം ലഭിക്കും. ബാബ കുട്ടികൾക്ക് യുക്തി പറഞ്ഞ് തരുന്നു എപ്പോഴും ഓർമ്മിയ്ക്കൂ, നമ്മളെ ശിവബാബയാണ് കേൾപ്പിക്കുന്നത്. ഈ ബ്രഹ്മാവിനും അറിയാം ഞാനും ശിവബാബയിൽ നിന്ന് സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. ഇദ്ദേഹവും വിദ്യാർത്ഥീ ജീവിതത്തിലാണ്. നിങ്ങളും മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിന് വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. ദേവതകളുള്ളത് - സത്യയുഗത്തിലാണ്. കലിയുഗത്തിലുള്ളത് മനുഷ്യരാണ്. അതിലും അനേക ധർമ്മങ്ങളുണ്ട്. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഇവിടെ ധാരാളം പേർ വരാറുണ്ട് എന്നിട്ടും ഭാഗ്യത്തിലില്ലെങ്കിൽ പറയുന്നു, ശിവബാബ ഇദ്ദേഹത്തിൽ വന്ന് എങ്ങനെയാണ് പഠിപ്പിക്കുക, എനിക്കറിയില്ല, ഞങ്ങൾക്ക് സംശയം വരുന്നു. നോക്കൂ ശിവബാബ അഥവാ വരുന്നില്ലെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാക്കുന്നതിനായി എങ്ങനെ ശിവബാബയെ ഓർമ്മിക്കും. ബാബയുടെ ഓർമ്മയില്ലാതെ വികർമ്മം നശിക്കുകയില്ല. ശിക്ഷകൾ വളരെയധികം അനുഭവിക്കേണ്ടി വരും. പിന്നീട് നയാ പൈസയുടെ പദവി വല്ലതും ലഭിക്കും. ഇവിടെ രാജധാനി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. രാജാക്കൻമാരുടെ മുന്നിൽ ദാസ ദാസിമാരും ഉണ്ടായിരിക്കില്ലേ. ബാബയോട് ചോദിക്കൂ ഇപ്പോൾ ഞാൻ ശരീരം വിടുകയാണെങ്കിൽ പോയി എന്തായി മാറും? അപ്പോൾ ബാബ എല്ലാം കേൾപ്പിക്കും. *നമ്പർവൈസല്ലേ.* ഇത് വളരെ ശക്തിമത്തായ പഠനമാണ്, ഇതിൽ വളരെയധികം സമ്പാദ്യമുണ്ട്. മനുഷ്യർ സമ്പാദ്യത്തിനായി എത്രയാണ് മുറവിളികൂട്ടുന്നത്. രാത്രിയും പകലും ബുദ്ധി അതിൽ തന്നെയായിരിക്കും. വിലപേശിക്കൊണ്ടേയിരിക്കുന്നു. നിങ്ങളുടെ അടുത്തേക്കും വലിയ വ്യാപാരികൾ വരാറുണ്ട്. പറയാറുണ്ട് എന്ത് ചെയ്യാനാണ് സമയമില്ല. നോക്കൂ വിശ്വത്തിന്റെ ചക്രവർത്തീ പദവിയാണ് ലഭിക്കുന്നത് - കേവലം ശിവബാബയെ ഓർമ്മിച്ചാൽ മതി. തന്റെ ഇഷ്ടദേവനെ ഓർമ്മിക്കാറില്ലേ. ഒരു ദേവതയെയും ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകുകയില്ല, അതുകൊണ്ടാണ് ബാബ വീണ്ടും-വീണ്ടും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നത് അതായത് ഞങ്ങൾക്കാരും മനസ്സിലാക്കി തന്നില്ല എന്ന് ആരും പറയരുത്. നിങ്ങൾ കുട്ടികൾക്ക് ഓരോരുത്തർക്കും സന്ദേശം നൽകണം. വിമാനത്തിൽ നിന്ന് *നോട്ടീസ്* വിതറുന്നതും വളരെ നല്ലതാണ്. ബാബ വന്നത് ഞങ്ങളറിഞ്ഞില്ല എന്ന് ആരും പറയരുത്, അതുകൊണ്ട് ഇതെല്ലാം ചെയ്യേണ്ടതായുണ്ട്.

ബ്രഹ്മാവാണ് ശിവബാബയുടെ ആദ്യത്തെ മകൻ. പ്രജാപിതാ ബ്രഹ്മാവ്, അദ്ദേഹവും പിതാവല്ലേ. ബ്രഹ്മാവിലൂടെ ശിവബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. ബാബ പറയുന്നു ഞാൻ ഇദ്ദേഹത്തിലൂടെ ആദി സനാതന ധർമ്മത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുന്നു. സംഭവിക്കാനിരിക്കുന്ന വിനാശത്തിന് ശേഷം വിശ്വത്തിൽ സുഖവും, ശാന്തിയും, പവിത്രതയുമുണ്ടാകും. കൽപ-കൽപം ഇങ്ങനെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന നടക്കുന്നത്. എപ്പോഴും ബാബാ, ബാബയെന്ന് പറഞ്ഞ് കൊണ്ടിരിക്കൂ. ബാബാ എന്ന് പറയുന്നതിലൂടെ തന്നെ കണ്ണുകളിൽ നിന്ന് പ്രേമത്തിന്റെ അശ്രു പൊഴിയണം. ബാബാ അങ്ങുമായി ഇനി എന്ന് കാണും! എന്നാൽ സന്മുഖത്തിരിക്കുന്നവർ അംഗീകരിക്കുന്നില്ല കാണാൻ സാധിക്കാത്തവർ ദാഹിക്കുന്നു. അദ്ഭുതമാണ്. എഴുതുന്നു ബന്ധനത്തിൽ നിന്ന് മോചിപ്പിക്കൂ. ചിലരാണെങ്കിൽ ബാബയുടേതായിട്ട് പിന്നീട് വീണ്ടും മായയുടേതാകുന്നു. പിന്നീട് അന്തിമത്തിൽ ഓർമ്മവരും. മരിക്കുന്ന സമയം എല്ലാവരോടും പറയുന്നു-രാമ-രാമാ എന്ന് ജപിക്കൂ, അപ്പോൾ അന്തിമത്തിൽ ആകർഷണമുണ്ടാകും. അതുപോലെ മനസ്സിലാക്കും ബാബയുടെ ഓർമ്മയിലൂടെ ഞാൻ വികർമ്മം വിനാശമാക്കും. ബാബ പറയുന്നു മധുര-മധുരമായ കുട്ടികളേ തന്റെ മംഗളം ചെയ്യൂ. ബാബയുടെ ശ്രീമതത്തിലൂടെ നടക്കൂ. എല്ലാവർക്കും സന്ദേശം നൽകിക്കൊണ്ടിരിക്കൂ. വിമാനത്തിൽ നിന്ന് ചിലർക്ക് *നോട്ടീസ്* ലഭിച്ചപ്പോൾ അവർ ഉണർന്നു (ചരിത്രം കേൾപ്പിക്കണം). മുഴുവൻ വിശ്വത്തിൽ വിശേഷിച്ചും ഭാരതത്തിൽ സുഖ-ശാന്തി

സ്ഥാപിതമാകുക തന്നെ വേണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സഹോദരീ- സഹോദര ദൃഷ്ടി അഥവാ സഹോദര-സഹോദര ദൃഷ്ടി പക്കയാക്കണം, വളരെ ജാഗ്രതയോടെ കഴിയണം. ബാബയുടെ പേര് മോശമാകുന്ന തരത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്.

2) ബാബയിൽ ഒരിക്കലും സംശയം വരരുത്. പ്രേമത്തോടെ ബാബയെ ഓർമ്മിക്കണം. രാത്രിയും പകലും പഠനത്തിൽ ശ്രദ്ധ നൽകി സമ്പാദ്യം നിക്ഷേപിക്കണം.

### വരദാനം:- സദാ വിജയത്തിന്റെ സ്മൃതിയിലൂടെ ഹർഷിതരായിരിക്കുകയും സർവ്വർക്കും സന്തോഷം കൊടുപ്പിക്കുന്നവരുമായ ആകർഷണ മൂർത്തിയായി ഭവിക്കട്ടെ.

നാം കല്പ-കല്പത്തെ വിജയീ ആത്മാക്കളാണ്, വിജയത്തിന്റെ തിലകം മസ്തകത്തിൽ സദാ തിളങ്ങിക്കൊണ്ടിരിക്കാമെങ്കിൽ ഈ വിജയത്തിന്റെ തിലകം മറ്റുള്ളവർക്കും സന്തോഷം കൊടുപ്പിക്കും, എന്തുകൊണ്ടെന്നാൽ വിജയീ ആത്മാവിന്റെ മുഖം സദാ ഹർഷിതമായിരിക്കും. ഹർഷിത മുഖത്തെ കണ്ട് സന്തോഷത്തിന് പുറകെ സ്വതവേ തന്നെ സർവ്വരും ആകർഷിതരാകുന്നു. അന്തിമ സമയത്ത് ആർക്കെങ്കിലും കേൾക്കാനുള്ള സമയമില്ലെങ്കിൽ അപ്പോൾ താങ്കളുടെ ആകർഷണ മൂർത്തിയായ ഹർഷിത മുഖം തന്നെ അനേകം ആത്മാക്കളുടെ സേവനം ചെയ്യും.

### സ്ലോഗൻ:- അവ്യക്ത സ്ഥിതിയുടെ ലൈറ്റ് നാനാ വശത്തും പരത്തുക തന്നെയാണ് ലൈറ്റ് ഹൗസായി മാറുക.